**<u>മിഷൻ വാത്സല്യ</u>**

**<u>സംയോജിത ശിശു സംരക്ഷണ പദ്ധതി കേരളം</u>**

**<u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>**

**<u>(ഹാജർ: പ്രിയങ്ക. ജി , ഐ.എ.എസ് , ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ്)</u>**

ഉത്തരവ് നം. DWCD/2055/2023 - ICPS 4

തിരുവനന്തപുരം,
തീയതി. 11-07-2023

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - മിഷന് വാത്സല്യ - 14 ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ യുണിറ്റിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് രണ്ടാം ഗഡുവായി 2023 ജൂൺ മാസം മുതൽ 2023 ഓഗസ്റ്റ് മാസം വരെയുള്ള വേതനം അനുവദിച്ച ഉത്തരവാകുന്നു.

പരാമർശം : 1. കേന്ദ്ര സർക്കാർ ഉത്തരവ് CW-II-22/6/2022 -CW-II തീയതി:05/07/2022

2. 14 ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ നിന്നും ലഭിച്ച റിപ്പോർട്ട്

3 . ഈ കാര്യാലയത്തിലെ ഇതേ ഫയല് നമ്പർ സർക്കുലർ തീയതി:03.10.2022

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 2023 ജൂൺ മുതൽ ഓഗസ്റ്റ് മാസം വരെയുള്ള വേതനം അനുവദിച്ച നൽകുന്നതിനു മേൽ പരാമർശം (2) പ്രകാരം 14 ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

മേല് സാഹചര്യത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിഷൻ വാത്സല്യ മാർഗ്ഗനിർദേശ പ്രകാരം വേതന ഇനത്തിൽ 2023 ജൂൺ മുതൽ ഓഗസ്റ്റ് മാസം വരെയുള്ള വരെ ആകെ 59,00,239/-രൂപ **(അൻപത്തി ഒൻപത് ലക്ഷത്തി ഇരുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം)** ചുവടെ പട്ടിക പ്രകാരം അനുവദിച്ച ഉത്തരവാകുന്നു.

| Sl.No | District | Amount |
|---|---|---|
| 1 | Thiruvananthapuram | 4,39,122 |
| 2 | Kollam | 4,31,536 |
| 3 | Pathanamthitta | 4,39,021 |
| | | |

| | | |
|---|---|---|
| 4 | Alappuzha | 2,66,195 |
| 5 | Kottayam | 4,82,894 |
| 6 | Idukki | 3,51,525 |
| 7 | Ernakulam | 4,64,314 |
| 8 | Thrissur | 4,92,587 |
| 9 | Palakkad | 3,67,671 |
| 10 | Malappuram | 5,08,715 |
| 11 | Kozhikkode | 5,21,210 |
| 12 | Wayanad | 4,09,631 |
| 13 | Kannur | 2,72,298 |
| 14 | Kasargod | 4,53,520 |
| | Total | 59,00,239 |

**ടി തുക 59,00,239/-രൂപ (അൻപത്തി ഒൻപത് ലക്ഷത്തി ഇരുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം)** സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ന്റെ 0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിലെ 1.27.1 DCPU സ്റ്റാഫ് സാലറി കംപോനെന്റിൽ നിന്നും അതാത് ജില്ലകളിലെ ജില്ലാ വനിത ശിശു വികസന ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും, വനിത ശിശു വികസന ഓഫീസർ തുക അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് ടി തുക അനുവദിക്കേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസര് പരാമർശം (3) സർക്കുലർ പ്രകാരം മാത്രം തുക ജീവനക്കാർക്ക് അനുവദിച്ച നൽകേണ്ടതാണ്. കൂടാതെ തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**ജീവനക്കാർ ഏപ്രിൽ 27 ന ധർണയിലും മെയ് 15ന സൂചന പണിമുടക്കിലും തുടർന്ന് ജൂൺ 1 മുതൽ 7 വരെ പണിമുടക്കിലും പങ്കെടുത്തിട്ടുണ്ട് .ഇതിൽ ധർണയിലും പണിമുടക്കിലും പങ്കെടുത്ത ജീവനക്കാർക്ക് ഏപ്രിൽ മെയ് മാസങ്ങളിൽ പ്രസ്തുത ദിവസങ്ങളിൽ വേതനം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതു കുറവ് ചെയ്യേണ്ടതും ജൂൺ മാസത്തിൽ സമരത്തിൽ പങ്കെടുത്ത ജീവനക്കാരുടെ 7 ദിവസത്തെ വേതനം കൂടി കുറവ് ചെയ്യേണ്ടതാണ് .(ആകെ 9 ദിവസം) സ്ഥാപനമേധാവിമാർ ഇപ്രകാരം കുറച്ചിട്ടുണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ് .**

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക്

I/104948/2023

<u>പകർപ്പ് :</u>

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക്
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 11-07-2023 11:47:23